315 (1506) കോഴിക്കോട് നഗരത്തിലെ കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ എത്ര കാരായ്മ- കുടിയാൻമാർ ഇതിനകം പട്ടയം കിട്ടാൻവേണ്ട അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൻമേൽ തീർപ്പായി;

(സി) ലഭിച്ച അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

(ഡി) കാരായ്മ- കുടിയാൻമാരിൽ ചിലർക്ക് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻമാരിൽ ചിലരുടെ നടപടികളിൽ പരാതി ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരക്കാരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്)കോഴിക്കോട് ജില്ലയിലെ കാരായ്മ- കുടിയാൻമാരുടെ പട്ടയം എന്ന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 553 പേർ.

(ബി) 80 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) കാരായ്മ- കുടിയായ്മ കേസ്സുകൾ കഴിയുന്നത്ര വേഗം തീർപ്പുകൽപ്പിക്കാൻ ലാന്റ് ട്രിബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്)കാരായ്മ-കുടിയാൻമാരുടെ അപേക്ഷകളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ലാന്റ് ട്രിബ്യൂണലുകൾ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി പട്ടയം നൽകുന്നതാണ്.

316 (1507) വിഴിഞ്ഞം ടൗൺഷിപ്പ് കോളനിക്ക് സ്ഥലമെടുത്ത നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് ടൗൺഷിപ്പ് കോളനിയിലെ പുനരധിവാസ പദ്ധതികൾക്കായി സ്ഥലമെടുത്ത വകയിൽ ആർക്കെങ്കിലും പൊന്നുംവില കൊടുക്കാൻ ശേഷിക്കുന്നതായി അറിയുമോ;

(ബി) എങ്കിൽ ആർക്കെല്ലാമാണെന്നും തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) അധിക പൊന്നുംവിലയ്ക്ക് കേസ്സ് നൽകി കോടതിവിധിയായ വകയിൽ ആർക്കെല്ലാം പൊന്നുംവില നൽകുവാനുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഭൂവുടമകൾക്ക് പൊന്നുംവില നൽകുവാനുണ്ടായ കാലതാമസം വെളിപ്പെടുത്തുമോ;

(ഇ) കോടതി ഉത്തരവ് വന്നശേഷവും നിശ്ചിത സമയപരിധിക്കുള്ളിൽ പൊന്നുംവില നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) അർഹതപ്പെട്ടവർക്ക് കുടിശ്ശികയുള്ള പൊന്നുംവില പൂർണ്ണമായും അടിയന്തിരമായി കൊടുത്തുതീർക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സ്ഥലമെടുത്ത ഒരു കേസ്സിലും പൊന്നുംവില കൊടുക്കുവാൻ ബാക്കിയില്ല.

(സി) നാല് എൽ.എ.ആർ. കേസ്സുകളിൽ പൊന്നുംവില നൽകാനുണ്ട്

1. എൽ.എ.ആർ. 61/81 കേസിൽ കുഞ്ഞു സുൽത്താൻപിള്ള മുതൽപ്പേർ.
2. എൽ.എ.ആർ. 46/81-ൽ നസ്റത്ത് ജോസഫ് മുതൽപ്പേർ.
3. എൽ.എ.ആർ. 77/82-ൽ മേരി അമ്മൾ മുതൽപ്പേർ.
4. എൽ.എ.ആർ. 25/85-ൽ മുഹമ്മദാലി മുതൽപ്പേർ.

കക്ഷികളുടെ പൂർണ്ണമായ പേരുവിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കോടതി വിധിയുടെ പകർപ്പ് കളക്ടറേറ്റിൽ കിട്ടാനുണ്ടാകുന്ന കാലതാമസമാണ് അധികപൊന്നുംവില നൽകാൻ വൈകുന്നതിന് കാരണം.

(ഇ) ഇല്ല.

(എഫ്) നടപടി സ്വീകരിക്കുന്നുണ്ട്.

317 (1508) കേരള എൻ.ജി.ഒ. യൂണിയന് സ്ഥലം പതിച്ചുനൽകിയ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സർവെ നമ്പർ 2240/1-ൽപ്പെട്ട 10 സെന്റ് സ്ഥലം കേരള എൻ.ജി.ഒ. യൂണിയന് പതിച്ചു നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ മാർക്കറ്റ്വില എത്രയാണ്; എന്തുവിലയ്ക്കാണ് സർക്കാർ പ്രസ്തുത സ്ഥലം എൻ.ജി.ഒ. യൂണിയന് പതിച്ചുനൽകിയത്?

ഉത്തരം

(എ) ഉണ്ട്. ബന്ധപ്പെട്ട സ.ഉ. (കയ്യെഴുത്ത്) നം. 469/99/റവന്യൂ തീയതി 22.11.99-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly